**'ജലം ജീവാമൃതം'**

## മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-കേരള വാട്ടർ അതോറിറ്റി - മീറ്റർ റീഡർമാർ എടുക്കുന്ന റീഡിങ്ങുകളുടെ എണ്ണം പരിഷ്ക്കരിക്കുന്നത്- സംബന്ധിച്ച്

---

# കേരള വാട്ടർ അതോറിറ്റി

നമ്പർ : കെ ഡബ്ല്യു എ/HO/RMC/R1/950/2020 തീയതി, തിരുവനന്തപുരം, 31.12.2020

സൂചന:-1)12/05/2005 ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ KWA/HO/AM-16/RM
2) 16/10/2020 ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ 12521/JS1/EST/2020/KWA.

## ഉത്തരവ്

കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 28 ലക്ഷത്തിൽപരം കണക്ഷനുകൾ ഉണ്ട്. '**ജൽ ജീവൻ മിഷൻ**' വഴി ഈ സാമ്പത്തികവർഷം 21 ലക്ഷം കണക്ഷനുകൾ കൂടി നൽകുന്നുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇപ്പോൾ റീഡിങ് എടുക്കുന്നതിനു വേണ്ടി 346 സ്ഥിരം മീറ്റർ റീഡർമാർ ആണുള്ളത്.

കൂടാതെ പി എസ് സി യിൽ നിന്നും പുതുതായി ജോലിയിൽ പ്രവേശിച്ച 140 OA മാരെയും, സൂചന 2 പ്രകാരം 260 ൽപരം OA മാരെയും മീറ്റർ റീഡിങ്/റവന്യൂ സംബന്ധമായ കാര്യങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ 890 പരം കുടുംബശ്രീ വഴിയുള്ള മീറ്റർ റീഡർ മാരും HR അടിസ്ഥാനത്തിൽ 350 ൽ പരം മീറ്റർ റീഡർ മാരെയും റീഡിങിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

2005 ൽ വാട്ടർ അതോറിറ്റിയിൽ ഒമ്പത് ലക്ഷത്തോളം കണക്ഷനുകൾ ഉള്ളപ്പോഴാണ് ആദ്യ സൂചന പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് റൂറൽ മേഖലയിലുള്ള റീഡർ മാർക്ക് പ്രതിമാസം 600 റീഡിങ്, അർബൻ മേഖലയിലുള്ളവർക്ക് പ്രതിമാസം 800 റീഡിങ് എടുക്കുവാനുള്ള ടാർജറ്റ് നൽകിയിട്ടുള്ളത്.കഴിഞ്ഞ 15 വർഷമായി ഇതിൽ യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ 'പബ്ലിക് റിലേഷൻ ഓഫീസർമാർ' ആയിട്ടാണ് മീറ്റർ റീഡർ മാർ പ്രവർത്തിച്ചുവരുന്നത്. അതോറിറ്റിയുടെ റവന്യൂവരുമാനം വർദ്ധിപ്പിക്കുന്നതിൽ നിസ്തുലമായ പങ്കാണ് മീറ്റർ റീഡർമാർ നിർവഹിച്ചു പോരുന്നത്. നമ്മുടെ റവന്യൂ വരുമാനവും ചിലവും തമ്മിൽ വലിയ അന്തരം ആണുള്ളത്. കുടുംബശ്രീ/HR മീറ്റർ റീഡർ മാർക്ക് ഒരു മാസം വേതനം നൽകുന്നതിന് 1.5 കോടി രൂപ വേണ്ടി വരുന്നുണ്ട്.

Draft #1 of File KWA/HO/RMC/R1/950/2020 Approved by Managing Director on 31-Dec-2020 10:36 AM - Page 1

ഇന്നത്തെ സാമ്പത്തിക അവസ്ഥയിൽ ഇത്തരം ചിലവുകൾ കുറയ്ക്കേണ്ടത്അത്യാവശ്യമെന്ന് കണ്ടെത്തിയതിനാലാണ് നിലവിലുള്ള OA മാരെ കൂടി മീറ്റർ റീഡിങ്ന് വേണ്ടി നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല നമ്മുടേത് പോലെ സമാനസ്വഭാവമുള്ള കെ എസ് ഇ ബി യിൽ റീഡിങ് എടുക്കുന്നത് രണ്ടുമാസത്തിലൊരിക്കൽ ആണ്. ഓരോ അഞ്ചുവർഷം കൂടുന്തോറും അവിടെ മീറ്റർ റീഡിങ് എടുക്കുന്നതിന്റെ എണ്ണം പരിഷ്കരിക്കാറുണ്ട്.

2014ലാണ് കെഎസ്ഇബിയിൽ അവസാനമായി റീഡിങിന്റെ എണ്ണം പരിഷ്കരിച്ചിട്ടുള്ളത്. KSEBയിൽ റൂറൽ മേഖലയിൽ പ്രതിദിനം75 റീഡിങ്, അർബൻ മേഖലയിൽ പ്രതിദിനം 105 റീഡിങ് ആണ് എടുക്കേണ്ടത്. അതോറിറ്റിയിൽ അവസാനമായി റീഡിങ് എടുക്കുന്നത് എണ്ണം നിശ്ചയിച്ചിട്ടുള്ളത് 2005ലാണ്.

15 വർഷത്തോളം റീഡിങിന്റെ എണ്ണം പരിഷ്കരി ച്ചിട്ടില്ലാത്തതിനാലും കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചതിനാലും മറ്റു ഘടകങ്ങൾ കൊണ്ടും റീഡിങിന്റെ എണ്ണം പുനർ നിശ്ചയിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആയതിനാൽ താഴെ പറയും പ്രകാരം റീഡിങ് എടുക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ 01/01/ 2021 മുതൽ മാറ്റങ്ങൾ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

1. റൂറൽ മേഖലയിലുള്ള ( പഞ്ചായത്ത് പ്രദേശം) മീറ്റർറീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിങിന്റെ എണ്ണം 80 ആയി നിജപ്പെടുത്തിയിരിക്കുന്നു.
2. അർബൻ മേഖലയിലുള്ള ( കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി) റീഡർ മാർ പ്രതിദിനം എടുക്കേണ്ട റീഡിങിന്റെ എണ്ണം 100 ആയി നിജപ്പെടുത്തിയിരിക്കുന്നു.
3. മേൽപ്പറഞ്ഞ ക്രമീകരണം മൂലം അധികമായി വരുന്ന കുടുംബശ്രീ/HR മീറ്റർ റീഡർമാരെ ഒഴിവാക്കേണ്ടതാണ്. മാത്രമല്ല ഇത് മൂലം അധികമായോ കുറവായോ വരുന്ന എസ്റ്റാബ്ലിഷ്മെന്റ് / ഡിപ്ലോയ്ഡ് മീറ്റർ റീഡർ മാരുടെ എണ്ണം ഡിവിഷൻ ഓഫീസ് വഴി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ഇക്കാര്യം യഥാവിധി ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട RO മാർ ഉറപ്പുവരുത്തേണ്ടതാണ്.
4. മീറ്റർ റീഡർമാർ അവരുടെ റൂട്ടിൽ റീഡിങ് എടുക്കാൻ പോകുമ്പോൾ റൂട്ടിൽ കാണുന്ന പ്രശ്നങ്ങൾ അതായത് പ്രവർത്തനരഹിതമായ മീറ്ററുകൾ, ജല ചോർച്ച, അനധികൃതമായ ജലചൂഷണം, പൊതു ടാപ്പുകളുടെ ദുരുപയോഗം, മീറ്ററുകളിൽ നിന്ന് റീഡിങ് എടുക്കാൻ കഴിയാത്ത അവസ്ഥ എന്നിവ അതാത് സെക്ഷൻ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള 'മീറ്റർ റീഡേഴ്സ് കംപ്ലൈന്റ്' രജിസ്റ്ററിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഇവ HC/MI/AE എന്നിവർ യഥാസമയം പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്
5. എല്ലാ മീറ്റർ റീഡർമാരും അവരവരുടെ റൂട്ട് ബുക്ക്, റൂട്ട് മാപ്പ് കൃത്യമായും വ്യക്തതയോടെയും സൂക്ഷിക്കേണ്ടതാണ്, ഒരു മീറ്റർ റീഡർക്ക് ട്രാൻസ്ഫർ, പ്രമോഷൻ,

Draft #1 of File KWA/HO/RMC/R1/950/2020 Approved by Managing Director on 31-Dec-2020 10:36 AM - Page 2

റിട്ടയർമെന്റ് എന്നീ കാര്യങ്ങൾ മൂലം സ്ഥാനചലനം ഉണ്ടായാൽ അടുത്തുവരുന്ന മീറ്റർ റീഡർക്ക് റൂട്ട് ബുക്ക്, റൂട്ട് മാപ്പ് എന്നിവ നിർബന്ധമായും കൈമാറേണ്ടതാണ്. മാറ്റം വരുന്ന മീറ്റർ റീഡർക്ക് LPC കൊടുക്കുന്നതിനു മുമ്പായി ഇവ കൈമാറ്റം നടത്തിയിട്ടുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട AE യുടെ ഉത്തരവാദിത്വമാണ്. പല സെക്ഷനുകളി ലും റൂട്ട് മാപ്പ് ശരിയാംവിധം പൂർത്തീകരിച്ചതായി കാണുന്നില്ല. ആയതിനാൽ എല്ലാ മീറ്റർ റീഡർമാരും റൂട്ട് മാപ്പ് 31/03/ 2021 മുമ്പായി പൂർത്തിയാക്കി ബന്ധപ്പെട്ട MI/AE ക്ക് സമർപ്പിക്കേണ്ടതാണ്.ഇത് ശരിയാംവിധം ആണോ എന്ന് MI/AE എന്നിവർ നിർബന്ധമായും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

6. പ്രവർത്തനരഹിതമായ മീറ്ററുകൾ യഥാസമയം മാറ്റിവയ്ക്കാത്തത് മൂലം വളരെയധികം റവന്യൂ നഷ്ടം അതോറിറ്റിക്ക് ഉണ്ടാകുന്നുണ്ട്. ആയതിനാൽ തങ്ങളുടെ റൂട്ടുകളിലെ മീറ്ററുകൾ പ്രവർത്തനരഹിതമാണെന്ന് കണ്ടാൽ ഉടനെ തന്നെ ഉപഭോക്താവിനെ രേഖാമൂലം മാറ്റിവയ്ക്കണമെന്ന് അറിയിക്കേണ്ടതും, അക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും രേഖാമൂലം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്
7. ഒരു കണക്ഷനിലെ ബിൽ തുക അസാധാരണമാംവിധം ഉയർന്നതാണ് എങ്കിൽ ബന്ധപ്പെട്ട HC/MI/AE എന്നിവരെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ ഉപഭോക്താവിന് അത്തരം ബില്ലുകൾ നൽകാവൂ.
8. റീഡിങ് എടുക്കാൻ പോകുമ്പോൾ ഉപഭോക്താക്കൾ പറയുന്ന പരാതികൾ /നിർദ്ദേശങ്ങൾ ക്ഷമയോടെ കേൾക്കുവാനും അത് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം പരാതിക്ക്പരിഹാരം കാണാനും ശ്രദ്ധിക്കേണ്ടതാണ്.
9. എല്ലാ ഉപഭോക്താക്കളെയും വെള്ളക്കരം യഥാസമയം അടയ്ക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളോട് പിഴയടക്കേണ്ടി വരുമെന്ന് കാര്യവും തുടർന്ന് വിഛേദന നടപടികൾ സ്വീകരിക്കേണ്ടി വരുമെന്ന കാര്യവും പറഞ്ഞു മനസ്സിലാക്കുവാൻ ശ്രദ്ധിക്കുക.
10. ദ്വൈമാസ ബില്ലുകൾ,വിഛേദന നോട്ടീസുകൾ എന്നിവ കൃത്യമായി ഉപഭോക്താക്കൾക്ക് നൽകുക.
11. പരാതികൾ ഉള്ള ഉപഭോക്താക്കൾക്ക് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്മാരുടെ ഫോൺ നമ്പരുകൾ നൽകേണ്ടതാണ്.
12. തെറ്റായി കാറ്റഗറികൾ രേഖപ്പെടുത്തുക, പ്രവർത്തനരഹിതമായ മീറ്ററുകൾ സംബന്ധിച്ച് കാര്യം റിപ്പോർട്ട് ചെയ്യാതിരിക്കുക, ഓരോ ദിവസവും എടുക്കേണ്ട റീഡിങ് കളുടെ എണ്ണം പൂർത്തിയാക്കാതിരിക്കുക തുടങ്ങി അതോറിറ്റിക്ക്റവന്യൂ നഷ്ടം വരുത്തുന്നവരുടെ ശമ്പളത്തിൽ നിന്നും നിയമാനുസൃതമായ കുറവുകൾ വരുത്തുന്നതാണ്.

Draft #1 of File KWA/HO/RMC/R1/950/2020 Approved by Managing Director on 31-Dec-2020 10:36 AM - Page 3

13. എല്ലാ പ്രവൃത്തി ദിവസങ്ങളിലും വൈകുന്നേരം ഓഫീസിൽ വന്ന് ആദിവസം എടുത്ത റീഡിങ് ഷീറ്റ് ബന്ധപ്പെട്ട HC/JS/MI യെഏൽപ്പിക്കേണ്ടതും പിറ്റേദിവസം എടുക്കേണ്ട റൂട്ടുകളിലെ റീഡിങ് ഷീറ്റ്, ബില്ലുകൾ ഓഫീസിൽ നിന്ന് വാങ്ങേണ്ടതുമാണ്. ഒരു ദിവസത്തിൽ കൂടുതൽ എടുക്കേണ്ട റൂട്ടുകൾ ഒരു കാരണവശാലും കൊടുക്കാൻ പാടുള്ളതല്ല ഇക്കാര്യം HC/MI മാർ ഉറപ്പുവരുത്തേണ്ടതാണ്.

14. e-അബാക്കസ്സിലെ.റീഡിങ് സ്റ്റാറ്റസ് പരിശോധി ക്കുമ്പോൾ ഡോർ ലോക്ക്, സെയിം റീഡിങ്, നോട്ട് ക്ലിയർ, നോട്ട് ആക്സസ്എന്നിവ സ്ഥിരമായി രേഖപ്പെടുത്തുന്നതായി കണ്ടിട്ടുണ്ട്. ഇതുമൂലം അതോറിറ്റിക്ക് കനത്ത സാമ്പത്തിക നഷ്ടം വരുന്നു. ഒരേ കണക്ഷനിൽ തന്നെ ഇത്തരം സ്റ്റാറ്റസുകൾ മാറി മാറി രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട MI/AE/AEE/RO/EE തുടങ്ങിയവർ ചെക്ക് റീഡിങ് എടുക്കുമ്പോൾ ഇത്തരം കണക്ഷനുകളിൽ കൂടുതൽ ശ്രദ്ധ പഠിപ്പിക്കേണ്ടതാണ്. ഇത്തരം സ്റ്റാറ്റസുകൾ രേഖപ്പെടുത്തുന്നത് ക്രമ വിരുദ്ധമാണെന്ന് കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ കർശന നടപടികൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാർ സ്വീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള കാര്യങ്ങൾ മീറ്റർ റീഡർമാർ നിർവ്വഹിക്കുന്നുണ്ടോ എന്നകാര്യം HC/JS/MI/AE എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്.ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാരെയും RMC യെയും അറിയിക്കണമെന്നുകൂടി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും

ഉത്തരവിന്റെ പകർപ്പ്

എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
PA TO MD PA TO AM PA TO TM
CE(OPERATIONS)/CE(HRD)/FM&CAO/Sr.AO/SF

Draft #1 of File KWA/HO/RMC/R1/950/2020 Approved by Managing Director on 31-Dec-2020 10:36 AM - Page 4

The document is digitally approved. Hence signature is not needed.